**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1170** **30.01.2018-ൽ മറുപടിക്ക്**

## കുറുംങ്കോട്ട പാലത്തിന്റെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) 2016-17 ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുള്ളതും 82 ഓളം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്നതുമായ ചേരാനല്ലൂർ പഞ്ചായത്തിലെ കുറുംങ്കോട്ട പാലത്തിന്റെ നിർമ്മാണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) 2017-18 ബഡ്ജറ്റ് സ്പീച്ചിൽ- കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ടി പ്രവൃത്തിക്ക് 10.07.2017-ലെ സ.ഉ (സാധാ)നം. 942/2017/PWD ഉത്തരവ് പ്രകാരം ഇൻ പ്രിൻസിപ്പൽ സാങ്ഷൻ നൽകിയതിനെ തുടർന്ന് ഇൻവെസ്റ്റിഗേഷൻ പുരോഗതിയിലാണ്. |
| (ബി) കുറുങ്കോട്ട ദ്വീപിൽ നിന്നും വടുതല ഭാഗത്ത് നിലവിലുള്ള സെന്റ് പീറ്റേഴ്സ് റോഡുമായി ബന്ധിപ്പിക്കുന്ന അലൈൻമെന്റ് നടപ്പാക്കുന്നതിനായി സമർപ്പിച്ച കോളനി വാസികളുടെ നിവേദനത്തിൻ മേൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ; | (ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. സെന്റ് പീറ്റേഴ്സ് റോഡിലൂടെയുള്ള അലൈൻമെന്റിൽ കൂടിയാണ് സർവ്വേ നടപടികൾ നടന്നു വരുന്നത്. |
| (സി) പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് DPR, KIIFB-യുടെ സാമ്പത്തിക അംഗീകാരത്തിനായി സമർപ്പിക്കുകയും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതിയും ടെണ്ടർ നടപടികളും പൂർത്തീകരിച്ചാൽ മാത്രമേ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളൂ. ഇതിനുള്ള നടപടികൾ പുരോഗതിയിലാണ്. |

S. Bindu

സെക്ഷൻ ഓഫീസർ